# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3125** **19.06.2018 ൽ മറുപടിയ്ക്ക്**

## പച്ചക്കറി ഉൽപ്പാദനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.എൻ.എ ഖാദർ<br>ശ്രീ. കെ.എം.ഷാജി<br>ശ്രീ.പാറക്കൽ അബ്ദുല്ല<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) നമുക്ക് ആവശ്യമായ പച്ചക്കറിയിൽ എത്ര ശതമാനമാണ് സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്നതെന്ന് കണക്കാക്കിയിട്ടുണ്ടോ; | എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 32 ശതമാനം പച്ചക്കറിയാണ് സംസ്ഥാനത്ത് ഉല്പാദിപ്പിച്ചിരുന്നതെങ്കിൽ ഇപ്പോൾ 51.07% പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതായി കണക്കാക്കപ്പെടുന്നു. |
| ബി) പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കുമോ; | ബി) 2018-19 വർഷം 80 കോടി രൂപയാണ് പച്ചക്കറി കൃഷിക്ക് ബഡ്ജറ്റ് വിഹിതമായി അനുവദിച്ചത്. സ്കൂൾ വിദ്യാർത്ഥികൾ, വീട്ടമ്മമാർ, സന്നദ്ധ സംഘടനകളുടെയും റസിഡന്റ്സ് അസോസിയേഷനുകളുടെയും അംഗങ്ങൾ, കർഷകർ എന്നിവർ ഈ പദ്ധതിയുടെ വിജയത്തിൽ പങ്കാളികളാകും. വീട്ടുവളപ്പിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക, മട്ടുപ്പാവ് കൃഷി പ്രോത്സാഹനം, വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി, പച്ചക്കറി കൃഷിക്കായി പരിശീലനം, ബോധവല്ക്കരണം, പ്രചരണം, ക്ലസ്റ്ററുകൾക്ക് പച്ചക്കറി കൃഷി ചെയ്യുന്നതിന് സഹായം, അവാർഡ് നൽകി മികച്ച കർഷകരെ പ്രോത്സാഹിപ്പിക്കൽ, സൂക്ഷ്മ മൂലകങ്ങളുടെ ഉപയോഗം, എ ഗ്രേഡ് ക്ലസ്റ്റർ പ്രോത്സാഹനം, ബ്ലോക്ക് തല ഫെഡറേറ്റഡ് സമിതികളുടെ രൂപീകരണം, ബ്ലോക്ക് തല നഴ്സറികളുടെ വികസനം, മഴ മറകൾ സ്ഥാപിക്കൽ, സൂക്ഷ്മ ജലസേചനവും - ജലസേചനം വഴിയുള്ള |

വളപ്രയോഗവും, തരിശു നില കൃഷിക്ക് ധനസഹായം, മാധ്യമങ്ങൾ വഴിയുള്ള വിത്തുവിതരണം, എൻ.ജി.ഒ -കൾ മുഖേന പച്ചക്കറി വിത്ത് നൽകൽ, എന്നീ ഘടകങ്ങളാണ് ഈ പദ്ധതി മുഖേന നടപ്പിലാക്കുന്നത്.

സ്ഥലപരിമിതി മൂലം കൃഷി ചെയ്യാൻ സാധിക്കാത്ത പട്ടണ നിവാസികൾക്കായി അതിനുള്ള എല്ലാ സഹായങ്ങളും പച്ചക്കറി വികസന പദ്ധതി പ്രകാരം നൽകി വരുന്നു. ഇതിനായി ടി പദ്ധതിയിൽ മട്ടുപ്പാവ് കൃഷി എന്ന ഘടകമായി ഉൾപ്പെടുത്തി വിവിധ പച്ചക്കറി വിത്തുകൾ മുളപ്പിച്ച ഗ്രോബാഗ് യൂണിറ്റുകൾ നൽകുന്നുണ്ട്. കൂടാതെ ഓണത്തിന് ഒരു മുറം പച്ചക്കറി, സീറോ എനർജി കൂൾ ചേമ്പർ, പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ വിത്തുല്പാദനം പ്രോത്സാഹിപ്പിക്കൽ, ബഹുവർഷി പച്ചക്കറി കൃഷി പ്രോത്സാഹനം, മണ്ണിരകമ്പോസ്റ്റ് യൂണിറ്റുകൾ വഴി മാലിന്യ നിർമ്മാർജ്ജനം, മിനി പോളീഹൗസ് നിർമ്മാണം, അർബൻ ക്ലസ്റ്റർ പ്രോത്സാഹനവും മാലിന്യ സംസ്കരണവും, ജില്ലാതല ക്ലസ്റ്റർ പ്രോത്സാഹനം, മഴമറ നിർമ്മാണം, സ്ഥാപനങ്ങളിലെ പച്ചക്കറി കൃഷി, സൂക്ഷ്മ ജലസേചനം, ഫാമിലി ഡ്രിപ്പ് ഇറിഗേഷൻ സിസ്റ്റം, ഭൗമസൂചിക രജിസ്ട്രേഷൻ, ക്ലസ്റ്ററുകൾ മുഖേന ചെറുകിട മൂല്യവർദ്ധിത യൂണിറ്റുകളുടെ പ്രോത്സാഹനം, കൃഷിയിടങ്ങളിൽ ബയോകൺട്രോൾ ഏജന്റ് നിർമ്മാണം എന്നീ പദ്ധതി ഘടകങ്ങൾ നടപ്പിലാക്കി വരുന്നു.

| | |
|---|---|
| സി) സംസ്ഥാനത്ത് വിവിധ കേന്ദ്രങ്ങളിൽ വിവിധ കാലയളവിലായി കൃഷി ചെയ്യുന്ന പച്ചക്കറികളുടെ രൂപരേഖ അടങ്ങിയ കലണ്ടർ പുറത്തിറക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | സി) ഓരോ പഞ്ചായത്തിലും പച്ചക്കറി കൃഷിയുടെ വിവരങ്ങൾ ശേഖരിച്ച് ക്രോഡീകരിച്ച് ഓരോ സീസണിലും, ഏതെല്ലാം സ്ഥലത്ത് ഏതെല്ലാം വിളകൾ എത്ര സ്ഥലത്ത് കൃഷിചെയ്യുന്നു എന്ന വിവരങ്ങളും സംസ്ഥാനത്തെ പ്രധാനപ്പെട്ട ഉല്പാദന കേന്ദ്രങ്ങൾ സംബന്ധിച്ച വിവരശേഖരണവും നടത്തിയിട്ടുണ്ട്. ഇതിൻ പ്രകാരം 2017-18 ൽ പച്ചക്കറികളുടെ മാർക്കറ്റ് ഡിമാന്റ് അനുസരിച്ച് ഉല്പാദനം ക്രമീകരിക്കുന്നതിനായി 52 ആഴ്ചയുടെ ക്രോപ്പ് കലണ്ടർ തയ്യാറാക്കുകയും അധികം വരുന്ന പച്ചക്കറികൾ ഹോർട്ടികോർപ്പ് വഴി വിപണനം |

ചെയ്യുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിരുന്നു. 2018-19 ലും പ്രസ്തുത കലണ്ടർ തയ്യാറാക്കി മാർക്കറ്റ് ഡിമാന്റനുസരിച്ച് പച്ചക്കറിയുടെ ഉല്പാദനവും വിപണനവും ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ